**പതിനാലാം കേരളനിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2515 09.03.2017 ന് മറുപടിയ്ക്ക്.

## വെള്ളറട, അമ്പൂരി ഗ്രാമപഞ്ചായത്തുകളിൽ കുരങ്ങുശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പാറശ്ശാല മണ്ഡലത്തിലെ വെള്ളറട, അമ്പൂരി തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ വേനൽകാലത്ത് അതിരൂക്ഷമായ കുരങ്ങുശല്യം ഉണ്ടാകുന്നതു കാരണം ജനങ്ങളുടെ സ്ഥാപന, സാധന സാമഗ്രികൾക്കും കാർഷിക മേഖലയ്ക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (എ) പാറശ്ശാല മണ്ഡലത്തിലെ വെള്ളറട, അമ്പൂരി തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ വേനൽകാലത്ത് അതിരൂക്ഷമായ കുരങ്ങുശല്യം ഉണ്ടാകുന്നതു കാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് നേരിടുന്നതിന്, കൂടുകൾ സ്ഥാപിച്ച് കുരങ്ങുകളെ പിടികൂടി ഉൾവനങ്ങളിൽ സുരക്ഷിതമായി തുറന്നുവിടുന്നതിന് വനം വകുപ്പിന്റെ കീഴിൽ പേപ്പാറ കേന്ദ്രമായി പ്രവർത്തിക്കുന്ന RRT (Rapid Response Team)യുടെ അംഗസംഖ്യ വർദ്ധിപ്പിച്ച് പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) തമിഴ്നാടിന്റെ ഉൾപ്രദേശങ്ങളിൽ നിന്നും പിടിക്കുന്ന കുരങ്ങൻമാരെ സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശത്തോടു ചേർന്നു വരുന്ന വന മേഖലകളിൽ സ്വതന്ത്രരാക്കുന്നതിലൂടെ പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) തമിഴ്നാടിന്റെ ഉൾപ്രദേശങ്ങളിൽ നിന്നും പിടിക്കുന്ന കുരങ്ങുകളെ സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശത്തോടു ചേർന്നു വരുന്ന വന മേഖലകളിൽ സ്വതന്ത്രരാക്കുന്നതിലൂടെ പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് RRT (Rapid Response Team)-ഉം പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറും, ടീമും പ്രസ്തുത പ്രദേശം സന്ദർശിക്കുകയും കുരങ്ങുകളെ പിടികൂടുന്നതിനായി അടിയന്തിരമായി 2 കൂടുകൾ സ്ഥാപിക്കുകയും ടി പ്രദേശത്ത് നിരന്തരം പട്രോളിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. കൂടാതെ തമിഴ്നാട്ടിലുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് വസിക്കുന്ന കുരങ്ങുകളേയും മറ്റും അമ്പൂരി വെള്ളറട ഭാഗങ്ങളിൽ തുറന്നുവിടുന്നത് ചൂണ്ടിക്കാട്ടി അതിനെതിരെ നടപടികൾ സ്വീകരിക്കണമെന്ന് കന്യാകുമാരി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ